**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.507 04.02.2020-ൽ മറുപടിക്ക്**

## നികുതി തട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ്ജ് | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനങ്ങളിൽ നിന്നും ജി.എസ്.ടി.യും വാറ്റും ഒന്നിച്ച് ഈടാക്കുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപന നികുതി, ആഡംബര നികുതി, സർചാർജ്ജ് തുടങ്ങിയ നികുതികൾ അന്തർഗണിച്ചാണ് ചരക്കുസേവന നികുതി നിയമം നടപ്പിലാക്കിയിട്ടുള്ളത്. അതിനാൽ 01/07/2017 മുതൽ ജി.എസ്.ടി മാത്രമാണ് സംസ്ഥാനത്ത് പിരിക്കുന്നത്. 01/08/2018 മുതൽ കേരള പ്രളയ സെസ്സും ബാധകമാണ്. |
| (ബി) | പല സ്ഥാപനങ്ങളും ഇവ ഈടാക്കിയശേഷം അത് സർക്കാരിലേക്ക് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് ശേഖരിച്ചിട്ടുണ്ടോ; | (ബി) | പ്രതിവർഷം 40 ലക്ഷം രൂപയിൽ കൂടുതൽ ടേണോവറുള്ള ചരക്കുകൾ കൈകാര്യം ചെയ്യുന്നവർക്കും 20 ലക്ഷം രൂപയിൽ കൂടുതൽ ടേണോവറുള്ള സേവനങ്ങൾ നൽകുന്നവർക്കും ആണ് ചരക്കുസേവന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാൻ നിയമപരമായി ബാധ്യതയുള്ളത്. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി വസൂലാക്കുന്നതിന് നിയമപരമായി അധികാരമുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന നികുതി അടുത്ത മാസം റിട്ടേൺ വഴി ഖജനാവിലേയ്ക്ക് അടയ്ക്കേണ്ടതാണ്. റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) . | ഈ രീതിയിൽ നികുതി തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) . | ഉപഭോക്താക്കളിൽ നിന്നും നികുതി വസൂലാക്കിയതിനുശേഷം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ കമ്പ്യൂട്ടർ സംവിധാനം വഴി 3A നോട്ടീസ് നൽകി നികുതി നിർണ്ണയ നടപടിക്രമങ്ങൾ ചെയ്തുവരുന്നു. കൂടാതെ വ്യാപാരികൾ ഫയൽ ചെയ്ത റിട്ടേണുകൾ, ഇ-വേ ബിൽ, ടിസിഎസ്, ടിഡിഎസ്, 2A റിട്ടേൺ എന്നിവയുമായി വിശകലനം ചെയ്ത് അപാകതയുള്ള കേസുകളിൽ നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കുന്നു. കൂടാതെ ടെസ്റ്റ് പർച്ചേസ്, കട പരിശോധന എന്നിവയിലൂടെ വ്യാപാരികൾ ശരിയായ രീതിയിലാണ് ക്രയവിക്രയങ്ങൾ നടത്തുന്നതെന്ന് ഇന്റലിജൻസ് വിഭാഗം ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ.